## ബീവി



**നിഷ്കളങ്കയും** നിസ്വാർഥയുമായിരുന്നു ഞങ്ങളുടെ വല്ല്യുമ്മ ബീവി. ജമാഅത്തെ ഇസ്‌ലാമിയുടെ ആദ്യകാല നേതാക്കളിൽപെട്ട പരേതനായ ടി. ഇസ്ഹാഖലി മൗലവിയുടെ ഭാര്യയാണ്. പ്രസ്ഥാന പ്രവർത്തനങ്ങൾക്കായി അധിക സമയവും വല്ല്യുപ്പ വീട്ടിന് പുറത്തായിരുന്നതിനാൽ കുടുംബ കാര്യങ്ങളുടെ പൂർണ ഉത്തരവാദിത്തം വല്ല്യുമ്മക്കായിരുന്നു. അത് വേണ്ട പോലെ നിറവേറ്റുകയും വല്ല്യുപ്പയുടെ പ്രവർത്തനങ്ങൾക്ക് പൂർണ പിന്തുണ നൽകുകയും ചെയ്ത കുടുംബിനിയായിരുന്നു വല്ല്യുമ്മ.

ഹൃദയ സംബന്ധമായ അസുഖത്താൽ 1985-ൽ വല്ല്യുപ്പ മരണപ്പെട്ടതിന് ശേഷമായിരുന്നു അഞ്ച് മക്കളിൽ നാല് പേരുടെയും വിദ്യാഭ്യാസ പൂർത്തീകരണവും വിവാഹവുമെല്ലാം. അതെല്ലാം ഭംഗിയായി അവർ നിർവഹിച്ചു. അതോടൊപ്പം തന്നെ അനാഥകൾക്കും അഗതികൾക്കും തണലായി നിലകൊള്ളാനും മറന്നില്ല. ജീവിത സാഹചര്യങ്ങളുടെ നെരിപ്പോടിൽ തളർന്ന പലർക്കും വല്ല്യുമ്മയുടെ ഇടപെടലിലൂടെ അല്ലലില്ലാത്ത ജീവിതം സാധ്യമായിട്ടുണ്ട്. അഞ്ച് മക്കളും ഇരുപത്തൊന്ന് പേരമക്കളുമടങ്ങിയ കുടുംബത്തിന്റെ ഗൃഹനാഥയായിരുന്നു അവർ.

**നിഹ്റ പറവണ്ണ**

## വൈ.എം ഫാറൂഖ്

**വിനയവും** എളിമയും കൊണ്ട് ബന്ധപ്പെടുന്നവരുടെയെല്ലാം സ്നേഹാദരവുകൾ പിടിച്ചുപറ്റിയ വ്യക്തിയായിരുന്നു തിരുവനന്തപുരം പാളയം പ്രാദേശിക ജമാഅത്തിലെ കാർകുൻ ആയിരുന്ന വൈ. എം.ഫാറൂഖ് സാഹിബ്. തബ്‌ലീഗ് പ്രസ്ഥാനത്തിൽ നിന്നാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് വരുന്നത്. പാളയം ഹൽഖയുടെ നാസിമായി കുറെകാലം ഉത്തരവാദിത്തം നിർവഹിച്ചിട്ടുണ്ട്. ശാസ്തമംഗലം നിവാസിയായ അദ്ദേഹം തന്റെ പ്രവർത്തന മണ്ഡലവും അവിടെയാക്കി. പ്രദേശത്തെ മസ്ജിദിന്റെ എക്സിക്യൂട്ടീവ് അംഗമായിരുന്നു. മസ്ജിദ് വിപുലീകരണത്തിന് അദ്ദേഹം നേതൃപരമായ പങ്കുവഹിച്ചു. മസ്ജിദിന്റെ പ്രസിഡന്റായും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. പ്രസ്ഥാനം ഏൽപ്പിച്ചിരുന്ന എല്ലാ ചുമതലകളും വളരെ ഭംഗിയോടെ നിർവഹിക്കുന്നതോടൊപ്പം തന്നെ ശാസ്തമംഗലം മസ്ദിജിന്റെ കാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. പാളയം ഇസ്‌ലാമിക് സെന്ററിലെ ഖുർആൻ സ്റ്റഡീ സെന്ററിന്റെ ഡയറക്ടറായി മരണംവരെ അതിന്റെ ചുമതലകൾ നിർവഹിച്ചു പോന്നു.



ചെറുപ്പത്തിൽ പാളയത്തെ അന്നത്തെ റഹ്മത്ത് ലോഡ്ജിൽ താമസിച്ചു പലർക്കും അദ്ദേഹം ഖുർആൻ പഠിപ്പിച്ചു കൊടുക്കുമായിരുന്നു. തമിഴ്നാട്ടിലെ നാഗർകോവിലിനടുത്ത ആളൂർ ആണ് ജന്മദേശം. സ്റ്റേറ്റ് ഇൻഷുറൻസിൽ നിന്ന് നാഷനൽ ഇൻഷുറൻസ് കമ്പനിയിൽ പോയ ഫാറൂഖ് സാഹിബ് അസി. ഡിവിഷൻ മാനേജരായാണ് തന്റെ ഔദ്യോഗിക ജീവിതം പൂർത്തീകരിച്ചത്. ഇതിനിടയിൽ കൊച്ചി, തൊടുപുഴ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം അദ്ദേഹം ജോലി ചെയ്തിരുന്നു. അവിടങ്ങളിലെ പ്രസ്ഥാന പ്രവർത്തനത്തിലും അദ്ദേഹം സജീവമായി ഇടപെട്ടിരുന്നു.

**എ. അബ്ദുൽ ഗഫൂർ, പാളയം, തിരുവനന്തപുരം**

## സി.എച്ച് അബ്ദുർറഹ്മാൻ മൗലവി



**ഉത്തര** മലബാറിൽ വളരെ മുമ്പ് മുതലേ ഉൽപതിഷ്ണുക്കൾക്ക് വേരോട്ടം കിട്ടിയ പ്രദേശങ്ങളിലൊന്നാണ് കടവത്തൂരും പരിസര പ്രദേശങ്ങളും. എടപ്പാറ കുഞ്ഞഹമ്മദ് മൗലവി, പുത്തലത്ത് മമ്മി മുസ്ലിയാർ, ഞോലയിൽ കുഞ്ഞഹമ്മദ് മൗലവി, കെ.എൻ ഇബ്റാഹീം മൗലവി, ഇ.കെ മൗലവി, എൻ.കെ അഹ്മദ് മൗലവി തുടങ്ങി പലരും കടവത്തൂരിന്റെ പുരോഗമന പാരമ്പര്യത്തിന്റെ ഭാഗമാണ്. ഈ ഗണത്തിൽപെട്ട പ്രമുഖനായിരുന്നു സി.എച്ച് അബ്ദുർറഹ്മാൻ മൗലവി(78). കേരള നദ്‌വത്തുൽ മുജാഹിദീന്റെ സംസ്ഥാന വൈസ് പ്രസിഡന്റായും കണ്ണൂർ ജില്ലാ അധ്യക്ഷനായും കേരള ജംഇയ്യത്തുൽ ഉലമ അംഗമായും അദ്ദേഹം ദീർഘകാലം സേവനം ചെയ്തിട്ടുണ്ട്.

നല്ല ഓർമശക്തിയും പ്രസംഗ പാടവവും നർമബോധവുമുള്ള പണ്ഡിതനായിരുന്നു. പെരിങ്ങാടിയിലെ പ്രശസ്തമായ സിദ്ദീഖ് പള്ളിയിൽ 1960 മുതൽ അദ്ദേഹം ഖത്വീബായിരുന്നു. ഇത്രയും കാലമായിട്ടും ശ്രോതാക്കൾക്ക് ഒരു മടുപ്പും തോന്നാത്തവിധം അനുഭൂതിദായകമായിരുന്നു അദ്ദേഹത്തിന്റെ ഖുത്വുബകൾ. പെരിങ്ങാടിയിലും പരിസരത്തും വഅള് പരമ്പരകളിലും സ്റ്റഡി ക്ലാസുകളിലും മൗലവിയുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ഈ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള പ്രബുദ്ധതയിൽ മൗലവിയുടെ പ്രഭാഷണങ്ങൾക്ക് നല്ല പങ്കുണ്ട്. ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരോടും അദ്ദേഹം നല്ല ബന്ധം കാത്തുസൂക്ഷിച്ചിരുന്നു. സലഫിസത്തിന്റെ അതിതീവ്ര നിലപാടുകളെ പ്രോത്സാഹിപ്പിക്കാത്ത മിതവാദിയും, പ്രതിപക്ഷ ബഹുമാനം പുലർത്തുന്ന വിശാലവീക്ഷാഗതിക്കാരനുമായിട്ടാണ് അദ്ദേഹവുമായി ബന്ധപ്പെട്ടപ്പോഴൊക്കെ മനസ്സിലാക്കാൻ സാധിച്ചത്. കെ.എൻ.എം കണ്ണൂർ ജില്ലാ ജോ. സെക്രട്ടറി സി.എച്ച് ഇസ്മാഈൽ ഫാറൂഖി അടക്കം അഞ്ചു ആൺമക്കളാണുള്ളത്. മരിക്കുമ്പോൾ കടവത്തൂർ നുസ്രത്തുൽ ഇസ്‌ലാം സംഘത്തിന്റെ അധ്യക്ഷനായിരുന്നു.

**പി.പി അബ്ദുർറഹ്മാൻ, പെരിങ്ങാടി**

---

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*